1822

<u>കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ</u>

No.VL E4/25970/19(A&V D5)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം, തീയതി: 17.02.2023

<u>കാരണം കാണിക്കൽ നോട്ടീസ്</u>

കോട്ടയം യൂണിറ്റിലെ ഡ്രൈവറായ ശ്രീ.സെർജിൻ ജേക്കബ് എന്ന താങ്കൾ 29.07.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും നിരീക്ഷണ കാലയളവിൽ തന്നെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് ഗുരുതരമായ അച്ചടക്കലംഘനമാണ്. ആയത് കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ കോട്ടയം യൂണിറ്റിലെ ഡ്രൈവറായ ശ്രീ.സെർജിൻ ജേക്കബ് എന്ന താങ്കൾക്ക് 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 26.02.2021 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രത്തിന് 17.08.2021 ൽ താങ്കൾ മറുപടി നൽകി. ടി മറുപടി തൃപ്തികരമല്ല. തുടർന്ന് ഫയൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ചങ്ങനാശ്ശേരി യൂണിറ്റധികാരിയ്ക്ക് ഫയൽ കൈമാറുകയും അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 18.05.2022 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 06.06.2022 തീയതിയായി അയച്ചു നൽകുകയും ആയത് 17.06.2022 തീയതിയായി കൈപ്പറ്റുകയും മറുപടി നൽകിയിട്ടില്ലാത്തതുമാകുന്നു.

താങ്കൾ നൽകിയ വിശദീകരണവും, ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. താങ്കൾ കുറ്റപത്രത്തിന് നൽകിയ വിശദീകരണം ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനു താങ്കൾക്ക് എതിരെ സ്വീകരിച്ച നടപടി ഒഴിവാക്കാൻ പര്യാപ്തമല്ല. 29.07.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. ആകയാൽ കോട്ടയം യൂണിറ്റിലെ ഡ്രൈവർ ശ്രീ.സെർജിൻ ജേക്കബ് എന്ന താങ്കളെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം കോർപ്പറേഷന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.സെർജിൻ ജേക്കബ് എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന വിശദീകരണം അന്തിമ തീരുമാനമെടുക്കുന്നതിനു മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എ.ഷാജി
(ഗവ:ജോയിന്റ് സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്. ശ്രീ.സെർജിൻ ജേക്കബ്, ഡ്രൈവർ, കോട്ടയം
(ജില്ലാ അധികാരി, കോട്ടയം മുഖാന്തിരം)

പകർപ്പ് :- ജില്ലാ അധികാരി, കോട്ടയം - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചുതരേണ്ടതാണ്.

സ്റ്റോക്ക് ഫയൽ & ഫയൽ.

ad